നമ്പർ. ജി(2)56838/2017.　　　　സഹകരണസംഘംരജിസ്ട്രാർആഫീസ്,
തിരുവനന്തപുരം, തീയതി, 19.12.2017

## സർക്കുലർ നമ്പർ.53/2017

വിഷയം – സഹകരണവകുപ്പ്– ഓഖി ചുഴലിക്കാറ്റ്– സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2 ദിവസത്തെ വേതനം– സംഭാവന നൽകുന്നത് അഭ്യർത്ഥന–സംബന്ധിച്ച്

സൂചന – 1. സർക്കാരിന്റെ പൊതുഭരണ (ഏകോപന) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 14.12.2017 ലെ സി.ഡി.എൻ 4/205/2017 പൊ.ഭ.വ. നം.പരിപത്രം
2. 15.12.2017 ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിലെ തീരുമാനം

സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റിൽപെട്ട് ദുരിതമനുഭവിക്കുന്ന മത്സ്യതൊഴിലാളി കുടുംബങ്ങൽക്കും, ദുരിത ബാധിതർക്കും സഹായം ലഭ്യമാക്കുന്നതിന് സർക്കാർ ജീവനക്കാരുടെ 2 ദിവസത്തെ ശമ്പളം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകണമെന്ന് സർക്കാർ സൂചന(1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതേ മാതൃകയിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും 2 ദിവസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകുന്നതിനുവേണ്ടി അഭ്യർത്ഥിക്കുന്നതിന് സൂചന(2) പ്രകാരം ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ തീരുമാനിയ്ക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം സംഭാവന നൽകുവാൻ താൽപര്യമുള്ള (സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന) എല്ലാ സഹകരണ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും 2 ദിവസത്തെ വേതനം അവരുടെ സമ്മതത്തിന് വിധേയമായി കുറവ് ചെയ്ത് പ്രസ്തുത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നേരിട്ട് അടയ്ക്കുന്നതിന് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവും ഭരണ സമിതിയും നടപടി സ്വീകരിക്കേണ്ടതുണ്ട്. ചെക്ക്/ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം മുഖേന തുക അടയ്ക്കുന്നത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

തുക നേരിട്ട് അടയ്ക്കുന്നവർ എസ്.ബി.ഐ. സിറ്റി ബ്രാഞ്ചിലെ അക്കൗണ്ട് നം.**67319948232**(ഐ.എഫ്.എസ്.സി കോഡ് SBIN0070028) എന്ന അക്കൗണ്ടിലും ചെക്ക് ആയോ ഡി.ഡി. ആയോ തുക അടയ്ക്കുന്നവർ **പ്രിൻസിപ്പൽ സെക്രട്ടറി(ഫിനാൻസ്), ട്രഷറർ, ചീഫ് മിനിസ്റ്റേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം, 695001, കേരള** എന്ന അഡ്രസ്സിലും അയയ്ക്കേണ്ടതാണ്.

**ഓഖി ചുഴലിക്കാറ്റ് – ജീവനക്കാർ സംഭാവന നൽകിയതിന്റെ വിവരം ലഭ്യമാക്കുന്നതിനുള്ള പ്രൊഫോർമ.**

| സംഘത്തിന്റെ പേര് | ജീവനക്കാർ വിഹിതമായി ആകെ അടച്ച തുക | അടച്ച അക്കൗണ്ട് നം. | ഐ.എഫ്.സി കോഡ് | ജീവനക്കാരുടെ എണ്ണം | ചെക്ക് നം./ഇലക്ട്രോണിക് ട്രാൻസ്ഫർ നടത്തിയതിന്റെ വിവരം | തീയതി |
|---|---|---|---|---|---|---|
| | | | | | | |

ടി വിവരങ്ങൾ 2018 ജനുവരി 15 നകം സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
സി.എം.അജേയ്യമോഹൻ
സഹകരണസംഘംരജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ(ജനറൽ)

പകർപ്പ് –

1. എല്ലാജില്ലാജോയിന്റ്രജിസ്ട്രാർ (ജനറൽ)മാർക്കും
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
3. എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ്രജിസ്ട്രാർ (ജനറൽ) മുഖേന)
4. വെബ്സൈറ്റ്
5. എഡിറ്റർ സഹകരണ വീഥി
6. സ്റ്റോക്ക് ഫയൽ

**സമ്മതപത്രത്തിന്റെ മാതൃക**

ഓഖി ചുഴലിക്കാറ്റ് ദുരിതബാധിതരെ സഹായിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എന്റെ 2 ദിവസത്തെ വേതനമായ ....... രൂപ ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നതിന് ഞാൻ ഇതിനാൽ സമ്മതം രേഖപ്പെടുത്തുന്നു.

ഒപ്പ്:
പേര്:
തസ്തിക:
സ്ഥാപനത്തിന്റെ പേര്.

സ്ഥലം:
തീയതി:

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)